I ഇ.ബി. XIV - കേരള നിയമസഭ /IV-9

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 08, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

മി. സ്പീക്കർ : ഇന്ന് സാർവ്വദേശീയ മഹിളാ ദിനമാണ്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന് കനത്ത പ്രത്യാഘാതങ്ങൾ ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന വാർത്തകളാണ് കഴിഞ്ഞ കുറേക്കാലമായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിനേൽക്കുന്ന കനത്ത ആഘാതങ്ങളായും സാംസ്കാരിക തകർച്ചയായും അതിനെ വിലയിരുത്തി ഈ സഭ അതിന്റെ അന്തസ്സിലാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസ് ചർച്ച ചെയ്യേണ്ടത്. ആ നിലയിൽ ഈ വിഷയത്തെ സമീപിക്കണം.

പാലക്കാട് വാളയാർ അട്ടപ്പള്ളത്ത് സ്കൂൾ വിദ്യാർത്ഥിനികളായ രണ്ട് സഹോദരിമാർ ഒന്നര മാസത്തെ ഇടവേളയ്ക്കുള്ളിൽ ആത്മഹത്യ ചെയ്യുകയും ഇതിൽ സംശയം പ്രകടിപ്പിച്ച് പോലീസിൽ പരാതി കൊടുത്തിട്ടും നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത ദുരൂഹമായ സാഹചര്യവും സംസ്ഥാനത്തിന്റെ പല ഭാഗത്തും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചു വരുന്നതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.

മുരളീധരൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശെൽവപുരം അട്ടപ്പള്ളത്ത് താമസിക്കുന്ന ദമ്പതികളുടെ 9 വയസ്സുള്ള നാലാം ക്ലാസ് വിദ്യാർത്ഥിനി 2017 മാർച്ച് 4-ന് വൈകുന്നേരം 4.30-നും 6.00-നുമിടയിൽ വീടിനുള്ളിലെ കഴുക്കോലിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെടുകയും അയൽവാസിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വാളയാർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കിയിട്ടുള്ളതും ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് കൈമാറിയിട്ടുള്ളതുമാണ്. 2017 ജനുവരി 13-ാം തീയതി ഉച്ചയ്ക്ക് ടി ദമ്പതികളുടെ 13 വയസ്സുള്ള മൂത്തമകളും വീട്ടിലെ കഴുക്കോലിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട് മാതാവിന്റെ മൊഴിയിൽ ആത്മഹത്യയ്ക്കുപരിയായി ഉന്നയിച്ച സംശയങ്ങൾ സംബന്ധിച്ച് ഊർജ്ജിത അന്വേഷണം നടത്തുന്നുണ്ട്. രണ്ട് കേസ്സുകളുടെയും സമഗ്രമായ അന്വേഷണത്തിന് പാലക്കാട് എ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ രണ്ട്

കേസ്സുകളിലും വിവിധ വകുപ്പുകൾ പ്രകാരം അന്വേഷണം നടന്നുവരികയാണ്. പ്രാഥമികഘട്ടത്തിൽ ലൈംഗികചൂഷണം നടന്നതായി ആരോപണമോ മൊഴിയോ ഉണ്ടായിരുന്നില്ല. കെമിക്കൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈംഗിക പീഡനം നടന്നുവെന്നുള്ളത് തള്ളിക്കളയാനാകില്ലെന്ന സാഹചര്യത്തിൽ 06.03.2017-ൽ പോക്സോ നിയമപ്രകാരമുള്ള വകുപ്പുകൾകൂടി ചേർത്ത് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ പുതിയ മൊഴിപ്രകാരം കുട്ടി ലൈംഗിക അതിക്രമത്തിന് ഇരയായതായി പറയുന്നുണ്ട്. വയനാട് ജില്ലയിലെ കൽപ്പറ്റ പോലീസ് സ്റ്റേഷൻ പരിധിയിൽ മുസ്ലീം ഓർഫനേജിലെ പ്രായപൂർത്തിയാകാത്ത 7 പെൺകുട്ടികളെ സമീപത്ത് കട നടത്തുന്ന രണ്ടുപേരും സുഹൃത്തുക്കളായ രണ്ടുപേരും ചേർന്ന് മിഠായി കൊടുത്ത് പ്രലോഭിപ്പിച്ച് ലൈംഗികാതിക്രമത്തിന് ശ്രമിക്കുകയും വിവരം പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി ഓർഫനേജ് അഡ്മിനിസ്ട്രേറ്റർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 04.03.2017-ന് വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ഈ കേസ്സിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യുകയും ഇരകളുടെ രഹസ്യമൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ കേളകം പോലീസ് സ്റ്റേഷൻ പരിധിയിൽ 17 വയസ്സുള്ള പ്ലസ് വൺ വിദ്യാർത്ഥിനിയായ പെൺകുട്ടിയെ പള്ളി വികാരി റോബിൻ മാത്യു ലൈംഗിക

പീഡനം നടത്തി ഗർഭിണിയാക്കുകയും 07.02.2017-ന് തൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രിയിൽവച്ച് ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്ത സംഭവത്തിൽ 26.02.2017-ന് കേസ് രജിസ്റ്റർ ചെയ്ത് പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. വിദേശത്തേയ്ക്ക് കടക്കാൻ ശ്രമിച്ച പ്രതിയെ 27.02.2017-ന് നെടുമ്പാശ്ശേരിയിൽവച്ച് അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. പ്രതിയെ സഹായിച്ച 7 പേർകൂടി പ്രതികളാണെന്ന് തിരിച്ചറിഞ്ഞ് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഒളിവിൽ കഴിയുന്ന ഇവരെ അറസ്റ്റ് ചെയ്യാനുള്ള ഊർജ്ജിതശ്രമം നടന്നുവരികയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമപ്രകാരം ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ എസ്.പി.സി. മുഖേനയും ജനമൈത്രി പോലീസ് മുഖേനയും സ്കൂൾതലത്തിൽ കുട്ടികൾക്ക് ബോധവത്കരണം നൽകിവരുന്നുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് വിഘാതമുണ്ടാക്കുന്ന ലൈംഗിക കുറ്റവാളികളെ തിരിച്ചറിയാനുള്ള വിവരങ്ങളുമടങ്ങുന്ന രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കുന്നതിനുള്ള തീരുമാനത്തിന്റെ ഭാഗമായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമൂലം ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ

ഒരുപരിധിവരെ സഹായിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: ഒരു പെൺകുട്ടി മരണപ്പെട്ട് 52 ദിവസങ്ങൾക്കുള്ളിലാണ് രണ്ടാമത്തെ കുട്ടിയും മരണപ്പെടുന്നത്. ആദ്യത്തെ കുട്ടി മരണപ്പെട്ടശേഷം കുട്ടിയുടെ അമ്മ മകളുടെ മരണത്തെക്കുറിച്ച് പരാതിപ്പെട്ടിരുന്നുവെന്നും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായില്ലെന്നുമാണ് മനസ്സിലാക്കുന്നത്. ആദ്യത്തെ കുട്ടിയുടെ മരണത്തിനുശേഷം കുട്ടിയുടെ അമ്മ ചിലരെക്കുറിച്ച് പറഞ്ഞ സംശയങ്ങൾ പോലീസ് ഫലപ്രദമായി അന്വേഷിച്ചിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാമായിരുന്നു. കർശന നടപടി സ്വീകരിക്കുന്നതിനുപകരം പോലീസ് ഇതിനെ ലാഘവത്തോടെയാണ് കണ്ടത്. നേരത്തെ ഉണ്ടായിരുന്ന ഡി.ജി.പി.യെ മാറ്റി പുതിയ ഡി.ജി.പി.യെ നിയമിച്ചതുകൊണ്ടാണ് ജിഷയുടെ കൊലയാളിയെ അറസ്റ്റ് ചെയ്യാൻ സാധിച്ചതെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിനുശേഷമാണ് ഇത്രയും സംഭവങ്ങൾ ഉണ്ടായിരിക്കുന്നത്. തെറ്റായ നടപടികൾ കാണുമ്പോൾ കർശന നിലപാട് സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. പല കേസ്സുകളിലും ശക്തമായ തെളിവുകളുണ്ടായിട്ടും

പ്രതികൾ രക്ഷപ്പെടുന്ന അവസ്ഥയാണുള്ളത്. വിഴിഞ്ഞത്ത് ഭിന്നശേഷിയുള്ള യുവതിയെ പീഡിപ്പിച്ച സംഭവത്തിലും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്രം വകുപ്പ് മേധാവി മൂന്ന് വിദ്യാർത്ഥിനികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട സംഭവത്തിലും അന്വേഷണം എങ്ങുമെത്തിയിട്ടില്ല. സ്ത്രീകൾക്ക് നേരെയുള്ള വ്യാപകമായ അതിക്രമങ്ങൾമൂലം സ്വൈര്യജീവിതം തടസ്സപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഇന്ന് ലോക വനിതാ ദിനമാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇവിടെ ചൂണ്ടിക്കാണ്ടിച്ച പലകാര്യങ്ങളിലും ശക്തമായ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. വാളയാറിൽ ആദ്യത്തെ കുട്ടി മരണപ്പെട്ടപ്പോൾ ആദ്യഘട്ടത്തിൽ ആത്മഹത്യയാണെന്ന് പറഞ്ഞെങ്കിലും പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷിച്ച് പ്രതികളെ നിരീക്ഷണവലയത്തിലാക്കിയിട്ടുണ്ട്. ഇതിൽ ഒരു തരത്തിലുള്ള ആശങ്കയുടെയും ആവശ്യമില്ല. രണ്ടുമരണം നടന്നുവെന്നത് നിർഭാഗ്യകരമായ സംഭവംതന്നെയാണ്. കുറ്റവാളികൾക്കെതിരെ പോലീസ് കർശന നടപടി സ്വീകരിക്കും. കൽപ്പറ്റയിൽ

ഏഴ് പെൺകുട്ടികൾ പീഡനത്തിനിരയായ സംഭവവുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റകൃത്യങ്ങളെ ലാഘവബുദ്ധിയോടെ കാണാതെ ഉത്തരവാദികളെ രക്ഷപ്പെടാൻ അനുവദിക്കാത്ത നിലപാടാണ് പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. ചെറിയ കുറ്റങ്ങൾപോലും ഗൗരവപൂർവ്വം പരിഗണിച്ച് പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വടക്കാഞ്ചേരി കേസ് ഐ.ജി.യുടെ നിരീക്ഷണത്തിൽ എ.എസ്.പി. അന്വേഷിച്ചുവരികയാണ്. കൊട്ടിയൂർ പീഡനകേസിൽ പ്രതിയായ പുരോഹിതനെയും ഉത്തരവാദികളായ മുഴുവൻ പേരെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് പോലീസിന്റെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നുണ്ടാകില്ല. വിഴിഞ്ഞത്ത് ഭിന്നശേഷിയുള്ള യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ ശക്തമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വീട്ടിനുള്ളിലും, യാത്രാഘട്ടങ്ങളിലും സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ ചെറുക്കുന്നതിനും കുറ്റവാളികളെ സമൂഹത്തിൽ ഒറ്റപ്പെടുത്തുന്നതിനും നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും യോജിച്ച നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. സ്ത്രീകൾക്കുനേരെ ഏതെങ്കിലും തരത്തിലുള്ള അക്രമമുണ്ടായാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ, ശ്രീ. ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) അങ്കണവാടി പ്രവർത്തകരുടെ പെൻഷൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 21-08-2010-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ നൽകാനുള്ള തീരുമാനമെടുത്തത്. ഇതുപ്രകാരം അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ്

ക്ഷേമനിധിയിലേയ്ക്ക് അംഗങ്ങൾ നൽകുന്ന വിഹിതവും അതിന് തത്തുല്യമായ സർക്കാർ വിഹിതവും ഉൾപ്പെടുന്ന തുക സ്ഥിര നിക്ഷേപമായി അടച്ചതിന്റെ പലിശയിൽനിന്നാണ് അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നത്. നിലവിൽ 3560 അങ്കണവാടി വർക്കർമാർക്കും 4610 ഹെൽപ്പർമാർക്കും ക്ഷേമനിധിയിൽനിന്ന് പെൻഷൻ നൽകിവരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് പെൻഷൻ യഥാക്രമം 1000 രൂപയും 600 രൂപയുമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അങ്കണവാടികൾക്ക് പ്രത്യേക പരിഗണനയാണ് നൽകിയിട്ടുള്ളത്. അങ്കണവാടികളുടെ നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച പെൻഷൻ ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## (2) അനധികൃത കൈവശഭൂമി വീണ്ടെടുക്കൽ

**ശ്രീ. അടൂർ പ്രകാശ്**: ഹാരിസൺസ് മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഗവൺമെന്റിന്റെ പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യാജ ഡോക്കുമെന്റുകളുടെ അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന ഭൂമിയേറ്റെടുത്ത് ഭൂരഹിതർക്ക് നൽകുന്നതിനും പൊതു ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനും തയ്യാറാകണം. ഇതുസംബന്ധിച്ച് സി.ബി.ഐ./എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നടത്തുകയും ആവശ്യമായ നിയമനിർമ്മാണം നടത്തുകയും വേണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (**ശ്രീ. ഇ. ചന്ദ്രശേഖരൻ**) : 28.2.2013-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡും മറ്റ് കയ്യേറ്റക്കാരും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അവർ 75,000-ത്തോളം ഏക്കർ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുകയും 38,170.92 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത നടപടികൾക്കെതിരെ ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികൾ അന്തിമ തീരുമാനമെടുക്കുന്നതിനായി ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തതിനാൽ ഉത്തരവിന് വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. പുതിയ നിയമനിർമ്മാണം സംബന്ധിച്ച സ്പെഷ്യൽ ഓഫീസറുടെ ശിപാർശ നിയമ വകുപ്പിന്റെ പരിഗണനയിലാണ്. അനുകൂല തീരുമാനമുണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ നിയമനിർമ്മാണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

(1) എം.പി./എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.മാർ നൽകുന്ന ശിപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ് പോർട്ടൽ വഴി പ്രോസസ് ചെയ്യണമെന്ന പുതിയ രീതി നടപ്പാക്കിയതിന്റെ ഫലമായും എം.പി.മാർ നൽകുന്ന ശിപാർശകളടങ്ങിയ ഫയലുകൾക്ക് എ.എസ്. ലഭിക്കുന്നതിന് വൈകുന്നതിന്റെ ഫലമായും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ഫിനാൻഷ്യൽ സാങ്ഷനുവേണ്ടി ഡിപ്പാർട്ടുമെന്റുകൾ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷമാണ് ധനകാര്യ വകുപ്പിനെ സമീപിക്കേണ്ടത്. അസറ്റല്ലാത്ത മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടി ഫണ്ട് വിനിയോഗിക്കുന്നുണ്ടെങ്കിൽ ആദ്യം ധനകാര്യ വകുപ്പിനെ സമീപിക്കേണ്ടതാണ്. ധനകാര്യ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തതിന്റെ ഫലമായി വെബ് പോർട്ടൽ വഴി മാത്രമേ പ്രോസസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ധനകാര്യ വകുപ്പിൽ ഫയൽ എത്തിക്കഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : എം.പി./എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട നടപടികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(2) <u>ട്രാഫിക് പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: കരുനാഗപ്പള്ളിയിലെ ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താല്ക്കാലിക ക്രമീകരണമെന്ന നിലയിൽ

ഒരു ട്രാഫിക് സംവിധാനം ആരംഭിച്ചിട്ടുണ്ട്. അവിടെ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വിശദാംശങ്ങളടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) <u>പ്രവാസി കമ്മീഷൻ പ്രവർത്തനം</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: പ്രവാസി കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ്, വാഹനം, ജീവനക്കാർ എന്നിവ അനുവദിക്കുന്നതിനും നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: പ്രവാസി കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ കരട് റെഗുലേഷൻസ് തയ്യാറാക്കി നൽകുകയും സർക്കാർ അത് വിലയിരുത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് തിരുവനന്തപുരത്ത് നോർക്ക സെന്ററിൽ ചെയർപേഴ്സണും അംഗങ്ങൾക്കുമുള്ള മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ജോയിന്റ് സെക്രട്ടറിക്ക് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണചുമതല നൽകി നിയമിക്കുന്നതിനും പുതുതായി നിയമിക്കപ്പെടുന്ന ഓഫീസർമാർക്കും മറ്റ്

ജീവനക്കാർക്കും പ്രവർത്തിക്കാനുള്ള ഓഫീസ് സൗകര്യം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മീഷൻ ഇതിനോടകം സ്വീകരിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്. കമ്മീഷന്റെ വിപുലമായ പ്രവർത്തനത്തിനായി ഇരുപത് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

(4) ജലചൂഷണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമാകുന്ന സാഹചര്യത്തിൽ പാലക്കാട് കഞ്ചിക്കോട് പ്രവർത്തിക്കുന്ന പെപ്സി കമ്പനി നടത്തിവരുന്ന ജലചൂഷണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പാലക്കാട്ടുള്ള പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രതിദിനം ആറ് ലക്ഷം ലിറ്റർ വരെ ഭൂജലം ഉപയോഗിക്കുന്ന സാഹചര്യത്തിൽ കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിയമസഭാ ഉപസമിതി നിർദ്ദേശിച്ചിരുന്നു. കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതി ശിപാർശ ചെയ്യുകയും സർക്കാർ

ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയമിക്കാൻ ഉത്തരവാകുകയും അതുവരെ നിലവിലുള്ള പ്രതിദിന ഉപഭോഗം തുടരാൻ അനുവദിക്കുകയും ചെയ്തു. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിൽ ഭൂജല ഉപഭോഗം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ശരി വച്ചിരിക്കുകയാണ്. ജല ഉപഭോഗത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനായി ടെലിമെട്രി സംവിധാനം സ്ഥാപിക്കാൻ തയ്യാറാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. പെപ്സി കമ്പനിക്കടുത്തുള്ള ജനവാസമേഖലയിൽ കിണറുകളിലെ ജലവിതാനം മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ താഴ്ന്നിട്ടുണ്ടെന്ന് ഭൂജല വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ജല ഉപഭോഗം 75 ശതമാനം കുറയ്ക്കണമെന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2017 ഫെബ്രുവരി 3 മുതൽ പ്രതിദിന ജല ഉപഭോഗം ഒന്നര ലക്ഷം ലിറ്ററായി കുറച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ വികസന സമിതി യോഗ തീരുമാനപ്രകാരം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 7 കുഴൽക്കിണറുകളിൽ ഒരെണ്ണം നിലനിർത്തി 6 കുഴൽക്കിണറുകളിലെ പമ്പ്സെറ്റുകൾ എടുത്തുമാറ്റി പമ്പിംഗ് നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി. ഹൈക്കോടതി ഉത്തരവുപ്രകാരം 6

ലക്ഷം ലിറ്റർ ജലം ഉപയോഗിക്കുന്നതിന് കമ്പനിക്ക് അനുവാദമുള്ളതിനാലും പ്രതിദിന ഉപഭോഗം ഒന്നര ലക്ഷം ലിറ്ററായി കുറച്ചിട്ടുള്ളതിനാലും പമ്പുകൾ എടുത്തുമാറ്റണമെന്ന നിർദ്ദേശം പിൻവലിക്കണമെന്നാണ് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത്. ദുരന്ത നിവാരണ അതോറിറ്റി നിയമമനുസരിച്ച് പെപ്സി കമ്പനിയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും കഴിയുമെങ്കിൽ വരൾച്ചക്കാലത്ത് ജല ഉപഭോഗം തടയുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (5) പമ്പാ ജലസേചന പദ്ധതി

ശ്രീമതി വീണാ ജോർജ്ജ്: പമ്പാ ജലസേചന പദ്ധതിയുടെ ഡിവിഷണൽ ഓഫീസുകൾ നിലനിർത്തുന്നതിനും പദ്ധതി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ചെങ്ങന്നൂർ ഡിവിഷണൽ ഓഫീസ് നിർത്തലാക്കിയിട്ടില്ല. പത്തനംതിട്ട ജില്ലയിലെ പ്രത്യേകിച്ച് ആറന്മുള നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പമ്പാ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 2017-18-ലെ ബഡ്ജറ്റിൽ 9 കോടി 77 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്.

## (6) ആറുകളുടെ പുനരുദ്ധാരണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: പമ്പ, അച്ചൻകോവിൽ, കുട്ടൻപേരൂർ എന്നീ ആറുകൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുജ്ജീവിപ്പിച്ച് ചെങ്ങന്നൂർ മണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): പമ്പ, അച്ചൻകോവിൽ എന്നീ ആറുകളിൽ ചെക്ക് ഡാമുകളുടെ നിർമ്മാണവും തീരസംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. വള്ളംകളിയുമായി ബന്ധപ്പെട്ട് ചുണ്ടൻ വള്ളങ്ങളുൾപ്പെടെയുള്ളവ പോകേണ്ട സ്ഥലങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട്. ലാന്റ്യൂസ് ബോർഡിന്റെ നേതൃത്വത്തിൽ സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പമ്പ, അച്ചൻകോവിലാർ എന്നിവയുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ പരിശോധിച്ച് ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് നദികളുടെ വിവിധ ഭാഗങ്ങളിൽ താത്കാലികവും സ്ഥിരവുമായ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട്

തയ്യാറാക്കുന്നതാണ്. ജലവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ നദികളുടെ നവീകരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കുട്ടംപേരൂർ ആറിന്റെ ശുചീകരണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഭാഗികമായി നടത്തപ്പെട്ടിട്ടുണ്ട്.

## (7) <u>കർഷകർക്ക് ആശ്വാസം</u>

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും അർഹരായവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്ത് 30353 ഹെക്ടർ കൃഷി നശിച്ചതായും 31358 കർഷകർക്ക് നഷ്ടം സംഭവിച്ചതായുമാണ് പ്രാഥമിക നിഗമനം. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും 900 കോടി രൂപ ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കേന്ദ്ര ഗവൺമെന്റ് ഓരോ വർഷവും വെട്ടിക്കുറയ്ക്കുകയാണെങ്കിലും സംസ്ഥാന ഗവൺമെന്റ് മുൻകാലങ്ങളിലേതുപോലെ തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ

വിള ഇൻഷ്വർ ചെയ്തിട്ടുള്ള കൃഷിക്കാർക്ക് 12,500/- രൂപ വീതം നൽകുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ സഹായമില്ലാത്തതിന്റെ പേരിൽ കർഷകർ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവിശേഷമുണ്ടാകില്ല. ആർ.കെ.വി.വൈ, ഉഴവുകൂലി പദ്ധതികളിലെ പണം വകമാറ്റി കൃഷിക്കാർക്ക് നഷ്ടപരിഹാരമായി നൽകുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തുവരികയാണ്. രണ്ടാംവിള കൃഷി ഇറക്കുന്നതിന് കൃഷിക്കാർക്ക് വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച് ബാങ്കുകളുമായി ചർച്ച ചെയ്യുന്നതാണ്.

(8) ബീഡി തൊഴിലാളികളുടെ വേതന വർദ്ധനവ്

ശ്രീ. എ. എൻ. ഷംസീർ: ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സംസ്ഥാനത്തെ ബീഡി, സിഗാർ മേഖലയിലെ തൊഴിലാളികൾക്ക് സാധ്യമായ എല്ലാ സഹായവും ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. 06-03-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ബീഡി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(9) ബാങ്കുകളുടെ പ്രതിലോമ നടപടികൾ

ശ്രീ. എം. നൗഷാദ്: കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ചെറുകിട കശുവണ്ടി വ്യവസായികൾക്കെതിരായ ബാങ്കുകളുടെ പ്രതിലോമ നടപടികൾ അവസാനിപ്പിക്കുന്നതിനുമുള്ള ഇടപെടൽ നടത്തണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് 428-ലധികം കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഫാക്ടറികൾ മന:പൂർവ്വം അടച്ചിടുന്ന മാനേജ്മെന്റുകൾക്കെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസർ നിയമപരമായ നടപടി സ്വീകരിക്കുന്നുണ്ട്. ചെറുകിട കശുവണ്ടി ഫാക്ടറികൾ നേരിടുന്ന തോട്ടണ്ടി ദൗർലഭ്യവും ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന ജപ്തി നടപടികൾക്കും പരിഹാരം കാണുന്നതിനായി രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ 03-08-2016-ലെ യോഗത്തിൽ പ്രവർത്തനശേഷിയുള്ള ഫാക്ടറികളെ കണ്ടെത്താനും ആർ.ബി.ഐ. മാനദണ്ഡപ്രകാരം 30 ഫാക്ടറികളെ പുനരുദ്ധരിക്കാനും തീരുമാനിച്ചിട്ടുണ്ട്. 05-12-2016-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന

യോഗത്തിൽ ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ എന്നിവരടങ്ങിയ എസ്.പി.വി. രൂപീകരിക്കാനും പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായികളുടെ ധനകാര്യ സ്ഥാപനങ്ങളിലുള്ള കടം സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഓരോ വ്യവസായിയുടേയും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകളെക്കുറിച്ച് ബാങ്കുകളുമായി ചർച്ച ചെയ്യുന്നതാണ്. വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്ന കാര്യത്തിലും അർഹതപ്പെട്ട കേസുകളിൽ വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്ന കാര്യത്തിലും ഉചിതമായ തീരുമാനമെടുക്കുന്നതാണ്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ നടത്തിവരികയാണ്.

(10) <u>ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണം</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണവും റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണവും നടപ്പാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): കേന്ദ്ര സർക്കാരിന്റെ സംഭരണശാലകളിൽ നിന്നും റേഷൻ വിഹിതം ഏറ്റെടുത്ത് റേഷൻ

ന്യായവില കടകളിൽ എത്തിച്ചുകൊടുക്കുന്ന ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം 2017 മാർച്ച് 9 മുതൽ പൈലറ്റ് അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ 2017 ഏപ്രിൽ 1 മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലും സപ്ലൈകോ പ്രത്യേകം ഗോഡൗണുകൾ തയ്യാറാക്കിയിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിനായി ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ കരാറിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ബയോമെട്രിക് സംവിധാനമുള്ള മെഷീനുകൾ റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് മാനദണ്ഡപ്രകാരം തയ്യാറാക്കിയ കരട് പട്ടികയിലെ ആക്ഷേപങ്ങൾ പരിഹരിക്കുകയും അന്തിമ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി കൈമാറുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്ന ആക്ഷേപങ്ങളിന്മേൽ ഉടനടി തീരുമാനമെടുക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി തർക്കമില്ലാത്ത റേഷൻകാർഡുകളുടെ വിതരണമാണ് ആദ്യഘട്ടത്തിൽ നടത്തുന്നത്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നു മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാലു മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

(തുടർച്ച)

ശ്രീ. വി. കെ. സി. മമ്മത് കോയ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നികുതി നിർദ്ദേശങ്ങളില്ലാതെയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങൾക്കും തുക വകയിരുത്തിക്കൊണ്ടും അവതരിപ്പിച്ച ബഡ്ജറ്റ് പ്രശംസനീയമാണ്. വ്യാപാര മേഖലയിൽ ജി.എസ്.ടി. നടപ്പിലാക്കുമെന്ന പ്രഖ്യാപനം സംസ്ഥാനത്തിനും വ്യാപാരികൾക്കും ഗുണകരമാണ്. വനസ്പതിയുടെ മറ്റൊരു ഇനമായ ബേക്കറി ഷോർട്ടനിംഗിന് 14.5 ശതമാനം നികുതി

ചുമത്തുകവഴി വ്യാപാരികൾക്ക് അധിക നികുതി ബാധ്യത ഉണ്ടാകുമെന്നതിനാൽ അത് പുന:പരിശോധിക്കേണ്ടതാണ്. സ്വർണ്ണ വ്യാപാരികളുടെമേൽ ഏർപ്പെടുത്തിയിരിക്കുന്ന വാങ്ങൽ നികുതി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം. മൊബൈൽ ഫോണിനോടൊപ്പം ലഭിക്കുന്ന അനുബന്ധ ഉപകരണങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 14.5 ശതമാനം നികുതി മുൻകാല പ്രാബല്യത്തോടെ പിൻവലിക്കണം. അലുമിനിയം ഫാബ്രിക്കേഷൻ, കിച്ചൺ ക്യാബിനറ്റ് എന്നീ കരാർ പണികൾക്ക് പർച്ചേസ് നികുതിക്കും കോമ്പൗണ്ടിംഗ് നികുതിക്കുംപുറമേ രണ്ടുശതമാനം നികുതികൂടി വർദ്ധിപ്പിച്ച നടപടി കരാറുകാർക്ക് അധികബാധ്യതയാകുമെന്നതിനാൽ ഇക്കാര്യത്തിൽ പുന:പരിശോധന നടത്തണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രതിസന്ധി നേരിടുന്ന ടെക്സ്റ്റൈൽ മില്ലുകൾക്ക് 51 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന് അനുവദിച്ച തുക

പിൻവലിക്കാൻ നടപടി സ്വീകരിക്കണം. അംഗപരിമിതരുടെ വർദ്ധിപ്പിച്ച പെൻഷന് ആനുപാതികമായി 80 ശതമാനത്തിലധികം വൈകല്യമുള്ളവർക്കും പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെയും റോഡുകളുടെയും പട്ടികയിൽ അങ്കമാലി നിയോജകമണ്ഡലത്തെക്കൂടി ഉൾപ്പെടുത്തണം.

ശ്രീ. പി. കെ. ശശി : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും നാടിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം പ്രഖ്യാപിച്ച കിഫ്ബിവഴിയുള്ള 15,000 കോടി രൂപയുടെ വികസന പദ്ധതികൾ ഈ ധനകാര്യ വർഷം അവസാനിക്കുന്നതോടുകൂടി സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കിഫ്ബി സംസ്ഥാനത്തെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി മാറാൻ പോവുകയാണ്. സാമൂഹ്യസുരക്ഷാ പദ്ധതികൾ, ദേശീയ-സംസ്ഥാന പാതകൾ, ഭവനരഹിതർക്ക് വീട്, പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കൽ, കുടിവെള്ള പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതികൾ, കാർഷിക മേഖലയുടെ അഭിവൃദ്ധി, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നിവ ഉൾപ്പെടെ 25,000 കോടി രൂപയുടെ വികസന പരിപാടികൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. നോട്ട് നിരോധനംമൂലം

സംസ്ഥാനത്തിന്റെ നികുതി വരുമാനം ഇല്ലാതായി. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ പൂർണ്ണമായും അവഗണിക്കുകയും ജനവിരുദ്ധ നയങ്ങൾ സ്വീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപക്ഷ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഷൊർണ്ണൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി കേന്ദ്രീകരിച്ച് അച്ചടി മ്യൂസിയം സ്ഥാപിക്കാൻ തുക വകയിരുത്തണം. ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിന്റെ റിവൈവൽ പ്രൊപ്പോസലിന്മേൽ അനുകൂല നടപടിയുണ്ടാകണം.

<u>ശ്രീ. പി. ഉബൈദുള്ള</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ പുതിയ ധനാഗമമാർഗ്ഗങ്ങളെക്കുറിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല. കിഫ്ബിയെ മാത്രം ആശ്രയിച്ച് കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത് വിജയകരമാകുമോയെന്ന് പരിശോധിക്കണം. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലത്തിന്റെ ഉപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് അതാത് ജില്ലകളിലെ നദികളിലും തോടുകളിലും കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിനും ക്ഷേത്രക്കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. മലപ്പുറം നിയോജകമണ്ഡലത്തിലെ പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്ക് 50 കോടി രൂപ അനുവദിക്കുന്നതിനും മലപ്പുറം ക്യാൻസർ

സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനാവശ്യമായ പണം വകയിരുത്തുന്നതിനും നടപടിയുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന റാഗിംഗ് നിരോധിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം. ഈ സർക്കാർ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമം വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: ബഡ്ജറ്റിനെ എതിർക്കുന്നു. കിഫ്ബിയെ ആശ്രയിച്ചുനിൽക്കുന്ന ബഡ്ജറ്റിന്റെ പ്രായോഗികതയെക്കുറിച്ച് ആശങ്കയുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിലെ പല പ്രഖ്യാപനങ്ങളും പ്രഖ്യാപനങ്ങൾ മാത്രമായി നിൽക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തണം. പുതിയ ജലസേചന പദ്ധതികൾ പ്രഖ്യാപിക്കുന്നതോടൊപ്പം മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയുൾപ്പെടെയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകണം. വരൾച്ച നേരിടുന്നതിന് കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം വിലക്കയറ്റം തടയുന്നതിന് പര്യാപ്തമായ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ട് അനുവദിക്കുമ്പോൾ എല്ലാവർക്കും തുല്യപരിഗണന ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വാഹന

സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തി ഭൂമിയുടെ വില ഉയർത്തുന്നതിനുതകുന്ന വിധത്തിൽ അസറ്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കണം. പുളിങ്കുന്ന് താലൂക്ക് ആശുപത്രിയും എടത്വ, വെളിയനാട് കമ്മ്യൂണിറ്റി സെന്ററുകളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ആവശ്യത്തിന് സ്റ്റാഫും അനുബന്ധ സൗകര്യങ്ങളും അനുവദിക്കണം. നെല്ല് സംഭരണത്തിന് വകയിരുത്തിയ 700 കോടി രൂപയിൽ 400 കോടി രൂപയെങ്കിലും റിവോൾവിംഗ് ഫണ്ടായി അനുവദിക്കണം. കുട്ടനാട്ടിലെ ഉൾനാടൻ ജലാശയങ്ങളിലെ പോള നശിപ്പിക്കുന്നതിന് ഫണ്ട് വകയിരുത്തണം. സമഗ്ര കുടിവെള്ള പദ്ധതിക്ക് തുക അനുവദിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പദ്ധതികൾ കേവലം പ്രഖ്യാപനങ്ങളിലൊതുങ്ങാതെ പ്രാവർത്തികമാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കുകയും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. അവഗണന നേരിടുന്ന കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച മെഡിക്കൽ കോളേജിന്റെ പണി പൂർത്തിയാക്കാൻ തുക വകയിരുത്തണം. ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതിക്ക് വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണ്. മഞ്ചേശ്വരത്തിന്റെ വികസന പുരോഗതിക്ക് പ്രത്യേക പരിഗണന നൽകുകയും റവന്യൂ ഡിവിഷണൽ ഓഫീസിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് അത് പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. ബി. സത്യൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇന്ന് ലോക വനിതാ ദിനമായതുകൊണ്ടുതന്നെ ഈ സ്ത്രീപക്ഷ ബഡ്ജറ്റിന് പ്രസക്തിയേറുന്നു. ബഡ്ജറ്റ് അടങ്കലിന്റെ 12 ശതമാനത്തോളം തുക വനിതാ ക്ഷേമപദ്ധതികൾക്ക് വകയിരുത്തിയിരിക്കുകയാണ്. സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന തീരുമാനം സ്വാഗതാർഹമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളുടെ പുനരുദ്ധാരണവും ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നഴ്സുമാരുടെയും നിയമനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനകീയ ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഭവന-ഭൂരഹിതരായിട്ടുള്ള ഒരു ലക്ഷം ആളുകൾക്ക് ഭൂമിയും വീടും നൽകുന്നതിനുമുള്ള ബൃഹത് പദ്ധതിക്ക് പണം വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്. ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യം

നൽകാത്തതും വിവിധ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക ഗണ്യമായി വെട്ടിക്കുറച്ചതും കേന്ദ്ര ബഡ്ജറ്റിൽ നിന്നും പട്ടികജാതി - പട്ടികവർഗ്ഗ ഉപപദ്ധതി ഒഴിവാക്കിയതും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താത്തതും കേരളത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴും അടിസ്ഥാന സൗകര്യ വികസനത്തിന് പണം സ്വരൂപിക്കുന്നതിനായി പുതിയ ബോർഡിന് രൂപം നൽകിയ നടപടിയെ യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ പ്രതിപക്ഷം തയ്യാറാകണം. മലയോര-തീര-പട്ടണപ്രദേശങ്ങൾ ഉൾപ്പെടെ സമസ്ത മേഖലകളെയും ഒന്നായി കണ്ടുകൊണ്ടുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും അർഹരായ ദുർബ്ബല-പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട കള്ളുചെത്തു-ചാരായ-ബാർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കാനും വൈകുണ്ഠസ്വാമി അന്തർദേശീയ

പഠന ഗവേഷണ കേന്ദ്രത്തിന് ആവശ്യമായ തുക വകയിരുത്താനും കലാഭവൻ മണിയുടെ മരണം സി.ബി.ഐ.യെ കൊണ്ട് അന്വേഷിപ്പിക്കാനും വിശ്വകർമ്മജരുടെ ഉന്നമനത്തിനായുള്ള ശങ്കർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാനും ഗവൺമെന്റ് തയ്യാറാകണം. അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന ഡിവിഷൻ പ്രവർത്തനങ്ങളിലൂടെ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാനും മീനച്ചിൽ റിവർ വാലി പദ്ധതി റദ്ദാക്കാനും വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശികത്തുക അടിയന്തിരമായി പിരിച്ചെടുക്കാനും മുണ്ടക്കയം-വാഗമൺ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിൽ പുതിയ വികസന നവോത്ഥാനത്തിന് തുടക്കം കുറിക്കുന്ന ഈ ബഡ്ജറ്റിന്റെ രാഷ്ട്രീയ-സാമ്പത്തിക പശ്ചാത്തലം ചർച്ചാവിഷയമാക്കേണ്ടതാണ്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുതകുന്ന നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റ് ഏകകണ്ഠമായി പാസ്സാക്കാൻ എല്ലാവരുടേയും സഹകരണമുണ്ടാകണം. കിഫ്ബിവഴി 25000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഈ ബഡ്ജറ്റിലൂടെ നിർദ്ദേശിച്ചിട്ടുള്ളത്. ഹരിതകേരളം മിഷൻ, ജല സംരക്ഷണ പദ്ധതി, എല്ലാവർക്കും

ഭൂമിയും വീടും, വിശപ്പില്ലാത്ത കേരളം, ജൈവ പച്ചക്കറികൃഷി എന്നീ പദ്ധതികളുടെ പ്രഖ്യാപനവും സാമൂഹികക്ഷേമ പെൻഷൻ വർദ്ധനവും ഭിന്നശേഷിക്കാരുടെ സുരക്ഷയ്ക്കായി 250 കോടി രൂപയും ഓട്ടിസം പാർക്കിന് 7 കോടി രൂപയും നെല്ല് സംഭരണത്തിന് 700 കോടി രൂപയും ഭക്ഷ്യസുരക്ഷയ്ക്ക് 1117 കോടി രൂപയും വകയിരുത്തിയതും സ്വാഗതാർഹമാണ്. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള തീരുമാനവും കൃഷിക്കുവേണ്ടി വിവിധ വകുപ്പുകളിലായി 1822 കോടി രൂപ നീക്കിവച്ചതും ശ്ലാഘനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കണം. മലയോര-തീരദേശ ഹൈവേയ്ക്ക് 5628 കോടി രൂപയും കെ.എസ്.ആർ.ടി.സി.ക്ക് 3000 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. സ്ത്രീകൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കെൽട്രോണിന്റെ പുനരുദ്ധാരണത്തിന് കൂടുതൽ തുക വകയിരുത്തുന്നതിനും നെടുമങ്ങാട് ഒരു റവന്യൂ ഡിവിഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ബഡ്ജറ്റിനെ എതിർക്കുന്നു. പരിണിതപ്രജ്ഞരായ സാമാജികരുടെ വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം. വരൾച്ച,

കുടിവെള്ളം, വിലക്കയറ്റം എന്നിവ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് കുടിവെള്ള വിതരണത്തിനും വരൾച്ച നേരിടുന്നതിനുംവേണ്ടി ഉപയോഗിക്കണം. നോട്ട് നിരോധനത്തിന്റെ ഭാഗമായി കേരളത്തിലെ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. സഹകരണ മേഖലയെ ആധുനികവത്കരിച്ച് ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയെ ഒരു കോമൺ സോഫ്റ്റ്‌വെയറിലേയ്ക്ക് കൊണ്ടുവരാനുള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക അനുവദിക്കുകയും സംസ്ഥാന സഹകരണ ഫെഡറേഷനുകളുടെ നിലനിൽപ്പിനുള്ള പദ്ധതി നടപ്പിലാക്കുകയും വേണം. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രോജക്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

<u>ശ്രീ. സി. കൃഷ്ണൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സാമൂഹ്യ പ്രതിബദ്ധതയും വികസന കാഴ്ചപ്പാടും പ്രതിഫലിക്കുന്ന ഒരു ബഡ്ജറ്റാണിത്. പരമ്പരാഗത തൊഴിൽ

മേഖല നവീകരിക്കുന്നതിനും ദിനേശ് ബീഡി വ്യവസായത്തിന് നികുതിയിലൂടെ നൽകിയിട്ടുള്ള 8 കോടി രൂപ തിരികെ നൽകുമെന്ന തീരുമാനവും ബീഡി തൊഴിലാളികളുടെ ക്ഷേമപദ്ധതിക്കുവേണ്ടി 20 കോടി രൂപ ഗ്രാന്റായി നൽകുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി സ്കൂൾ യൂണിഫോമിന് കൈത്തറി വസ്ത്രം നൽകുമെന്നും കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി 21.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും സഹകരണ മേഖലയുടേയും റബ്കോയുടേയും പുനരുദ്ധാരണവും എടുത്തുപറയേണ്ടവയാണ്. കുന്നംകുളം, പയ്യന്നൂർ താലൂക്ക് രൂപീകരണവും പയ്യന്നൂർ നഗരസഭയിൽ ഒരു മൾട്ടിപർപ്പസ് ഓഡിറ്റോറിയത്തിനായി തുക വകയിരുത്തിയതും ആശ്വാസജനകമാണ്. പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനും നിർദ്ദിഷ്ട കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പയ്യന്നൂർ

പൂരക്കളി അക്കാഡമിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് കിഫ്ബിയെയാണ് ആധാരമാക്കിയിരിക്കുന്നത്. ഈ വർഷം കിഫ്ബിയിലൂടെ 40,000 കോടി രൂപയുടെ പദ്ധതികളാണ് ആരംഭിക്കാൻ പോകുന്നത്. 1024 കോടി രൂപ മാത്രമുള്ള കിഫ്ബിക്ക് 40,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കില്ല. പ്രവാസികൾക്കിടയിൽ ചിട്ടി നടത്തി പണം കണ്ടെത്തുമെന്ന് പറയുന്ന നിലപാടിനോട് യോജിക്കാൻ കഴിയില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും നടപ്പാക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ തന്നെയാണ് ഈ ബഡ്ജറ്റിലുമുള്ളത്. റവന്യൂ കമ്മി 2.10 ശതമാനവും ധനക്കമ്മി 3.53 ശതമാനവുമായി വർദ്ധിച്ചിരിക്കുകയാണ്. വരൾച്ച നേരിടുന്നതിനും നോട്ട് പിൻവലിക്കലിലൂടെയുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സഹകരണ മേഖലയെയും ടൂറിസം വ്യവസായത്തെയും സംരക്ഷിക്കുന്നതിനും യാതൊരു നടപടിയും ബഡ്ജറ്റിലില്ല. പെട്രോൾ/ഡീസൽ വിലയിലുള്ള ഒരു രൂപ സെസ്സും,

മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പത്ത് ശതമാനവുമാണ് കിഫ്ബിയുടെ ഇപ്പോഴത്തെ വരുമാനമാർഗ്ഗം. വരുമാന വർദ്ധനവിന് ഉതകുന്ന പദ്ധതികളൊന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കിഫ്ബിയുടെ ധനാഗമമാർഗ്ഗങ്ങളെയും വിനിയോഗത്തെയും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റും സഭയിൽ സമർപ്പിച്ചിട്ടില്ല. കിഫ്ബിയുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്ന ഏജൻസി ഏതാണെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കായി ഫണ്ട് മാറ്റിവയ്ക്കുന്നത് സംബന്ധിച്ച നിബന്ധനകളൊന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു രൂപ പോലും കയ്യിൽ ഇല്ലാതെയാണ് പദ്ധതികൾക്കായി 40,000 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകാൻ പോകുന്നത്. കിഫ്ബിയിൽ ഇൻവെസ്റ്റ് ചെയ്യുന്നവർക്ക് നൽകുന്ന പലിശ എത്ര ശതമാനമാണെന്നും തിരിച്ചടവ് രീതി എങ്ങനെയാണെന്നും വ്യക്തമാക്കണം.

(2017-2018 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ അച്ചടിപ്പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സംസ്ഥാനത്ത് അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുപുറമേ പശ്ചാത്തല സൗകര്യങ്ങളിലെ നിക്ഷേപം ഗണ്യമായി

വർദ്ധിപ്പിക്കേണ്ടതുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാമൂഹ്യക്ഷേമ പെൻഷനുകൾ നടപ്പാക്കിയിരിക്കുന്നത്. ആരോഗ്യ മേഖലയിലും പൊതുവിദ്യാഭ്യാസ മേഖലയിലുമുൾപ്പെടെ പുതിയ നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പുതിയ വിതാനത്തിലെത്തിക്കണമെന്ന ഇടതുപക്ഷ കാഴ്ചപ്പാട് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കേണ്ടതിനാൽ അടുത്ത വർഷവും റവന്യൂ കമ്മി വർദ്ധിക്കുന്നതാണ്. ജി.എസ്.ടി. നിലവിൽവന്ന 4-5 വർഷത്തിനുള്ളിൽ റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ സാധിക്കും. കിഫ്ബിയിലെ പ്രധാന വരുമാന മാർഗ്ഗം പെട്രോളിയം ഉല്പന്നങ്ങൾക്കേർപ്പെടുത്തിയ സെസ്സും വാഹന നികുതിയുടെ അമ്പത് ശതമാനവുമാണ്. സഹകരണ പൊതുമേഖലാ ബാങ്കുകൾ, ട്രഷറി, കെ.എസ്.എഫ്.ഇ. ചിട്ടികൾ എന്നിവയിലൂടെയും ഇന്ത്യൻ ബോണ്ട് മാർക്കറ്റിൽ നിന്നുള്ള വായ്പയിലൂടെയും കിഫ്ബിയിലേയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതാണ്. 94,800 കോടി രൂപയുടെ നിക്ഷേപവും 94,118 കോടി രൂപയുടെ ബാധ്യതയും കിഫ്ബിയ്ക്കുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2020-21-ഓടുകൂടി കിഫ്ബിയിൽ ഉൾപ്പെടുത്തിയ 50000 കോടി രൂപയുടെ

പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. പദ്ധതികൾക്കുണ്ടാകുന്ന ചെലവിനനുസരിച്ചാണ് വായ്പ എടുക്കുന്നത്. വായ്പകൾക്ക് ആദ്യത്തെ മൂന്ന് വർഷം തിരിച്ചടവ് ഉണ്ടാകില്ല. തുടർന്നുള്ള ഏഴ് വർഷംകൊണ്ടാണ് വായ്പ തിരിച്ചടയ്ക്കുന്നത്. 9.5 ശതമാനമാണ് വായ്പകൾക്ക് പലിശ നിശ്ചയിച്ചിട്ടുള്ളത്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജി.എസ്.ടി. വരുന്നതോടെ റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിന് ടോക്കൺ പ്രൊവിഷൻ വച്ച് അഡീഷണൽ ആതറൈസേഷൻ നൽകി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്. കായംകുളം, താമരശ്ശേരി താലൂക്കാശുപത്രികളുടെ നവീകരണത്തിന് മുൻഗണന നൽകുന്നതാണ്. പുതിയതായി ആവശ്യപ്പെട്ട തടയണകളുടെ നിർമ്മാണത്തിന് അഡീഷണൽ ഫണ്ട് അനുവദിക്കുന്നതാണ്. മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ എം.എൽ.എ.-മാർ നിർദ്ദേശിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ മാറ്റമുണ്ടെങ്കിൽ ഭേദഗതി ചെയ്ത ലിസ്റ്റ് സമർപ്പിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട്, കൊല്ലം, കണ്ണൂർ ജില്ലകളിൽ പുതിയ റവന്യൂ സബ് ഡിവിഷനുകൾ ആരംഭിക്കുന്നതാണ്. ഷൊർണ്ണൂർ മെറ്റൽ വ്യവസായത്തെക്കുറിച്ച് പരിശോധിച്ച് വ്യവസായ വകുപ്പ് ഒരു സ്കീം തയ്യാറാക്കുന്നതാണ്. പാപ്പനംകോട് എഞ്ചിനീയറിംഗ്

കോളേജിൽ ബസ് ബോഡി കോഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായുള്ള സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതാണ്. അതിനായി ഇപ്പോൾ ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നതാണ്. 80 ശതമാനം അംഗവൈകല്യമുള്ളവർക്ക് 1300 രൂപ പെൻഷൻ അനുവദിക്കുന്നതും കർഷക പെൻഷൻ ഇനത്തിൽ നൽകിവരുന്ന 1100 രൂപ കൃത്യമായി നൽകുന്നതുമാണ്. വാദ്യകലാകാരന്മാരുടെ പെൻഷൻ വരുമാനപരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്. പാചകത്തൊഴിലാളികളുടെ ദിവസക്കൂലി വർദ്ധിപ്പിക്കുന്നതും കേപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സാഗര ആശുപത്രി, പൗലോസ് മാസ്റ്റർ സ്മാരക ഔഷധ ഉദ്യാനം, അലങ്കാര മത്സ്യകൃഷിക്കുവേണ്ടിയുള്ള കാവിൽ കമ്പനി എന്നിവയ്ക്ക് രണ്ട് കോടി രൂപ വീതം അനുവദിക്കുന്നതുമാണ്. പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് നബാർഡുമായി സഹകരിച്ച് 5 കോടിരൂപ മുടക്കുന്നതാണ്. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളതിനുപുറമേ റോഡുകൾ, കുടിവെള്ള പദ്ധതികൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന പുതിയ 55 പ്രവൃത്തികൾകൂടി അനുവദിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ പുനരധിവാസ സൗകര്യത്തോടെ മാതൃകാ സംസ്ഥാനതല ലഹരി കേന്ദ്രം സ്ഥാപിക്കുന്നതാണ്. ബോഷ് കമ്പനിയുടെ അസസ്മെന്റ് പൂർത്തിയായി കഴിഞ്ഞതിനാൽ ആംനസ്റ്റിയിൽ അവർക്ക്

സ്ഥാനമുണ്ടാവുകയില്ല. മൊബൈൽ ഫോണിന്റെ ചാർജ്ജറിന്റെ നികുതി സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം പിൻവലിക്കുന്നതാണ്.

## VII പ്രമേയം

<u>ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്റ്റ് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്റ്റ് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.57-ന് പിരിഞ്ഞു.

******